ഫാ. ജോസ് കണ്ടത്തിക്കുടി അനുസ്മരണവും ചാരിറ്റി ഡിന്നറും പ്രൗഢോജ്വലമായി നടത്തി

ഷോളി കുമ്പിളുവേലി

ന്യൂയോർക്ക്: കാൽ നൂറ്റാണ്ടിലധികം അമേരിക്കയിലെ സീറോമലബാർ വിശ്വാസികൾക്കു വേണ്ടി സേവനം ചെയ്ത റവ.ഫാ. ജോസ് കണ്ടത്തിക്കുടിയുടെ രണ്ടാമത് അനുസ്മരണവും 'ഫാ. ജോസ് കണ്ടത്തിക്കുടി ഫൗണ്ടേഷന്റെ' ധനശേഖരണാർത്ഥം ഒരുക്കിയ ചാരിറ്റി ഡിന്നറും നവംബർ 14-ന് ശനിയാഴ്ച വൈകുന്നേരം പ്രൗഢോജ്വലമായി നടന്നു.

ചടങ്ങുകൾക്ക് തുടക്കം കുറിച്ചുകൊണ്ട് ബ്രോങ്ക്സ് സെയിന്റ് തോമസ് സീറോമലബാർ ഫൊറോന ദേവാലയത്തിൽ നാല് മണിക്ക് നടന്ന വിശുദ്ധ കുർബാനയ്ക്ക് റവ.ഫാ. തദേവൂസ് അരവിന്ദത്ത് മുഖ്യകാർമ്മികത്വം വഹിച്ചു. ഇടവക വികാരി റവ.ഫാ. കുര്യാക്കോസ് വടാന, റവ.ഫാ. ഫ്രാൻസിസ് നമ്പ്യാപറമ്പിൽ, റവ.ഫാ. ജോണി ചെങ്ങളാൻ എന്നിവർ സഹകാർമ്മികരായിരുന്നു. തുടർന്ന് പാരിഷ് ഹാളിൽ നടന്ന ജോസച്ചൻ അനുസ്മരണത്തിൽ റവ. ഫാ. തദേവൂസ് അരവിന്ദത്ത് മുഖ്യപ്രഭാഷണം നടത്തി. റവ.ഫാ. കുര്യാക്കോസ് വടാന, റവ. ഫാ. ഫ്രാൻസിസ് നമ്പ്യാപറമ്പിൽ, റവ.ഫാ. ജോണി ചെങ്ങളാൻ എന്നിവരും ജോസച്ചന്റെ സേവനങ്ങളെ അനുസ്മരിച്ചു.

തദവസരത്തിൽ ക്രിസ്തീയ ഭക്തിഗാന ശാഖയ്ക്ക് അമൂല്യമായ സംഭാവനകൾ നല്കിയ ഫാ. തദേവൂസ് അരവിന്ദത്തിനെ ഫാ. ജോസ് കണ്ടത്തിക്കുടി ഫൗണ്ടേഷൻ ആദരിച്ചു.

ഫൗണ്ടേഷൻ ചെയർമാൻ ഷോളി കുമ്പിളുവേലി സ്വാഗതവും സെക്രട്ടറി ബിജു കാപ്പുകാട്ട് നന്ദിയും പറഞ്ഞു. ട്രഷറർ ജോസഫ് കാഞ്ഞമല ഫിനാൻസ് ആൻഡ് പ്രോജക്ട് റിപ്പോർട്ട് അവതരിപ്പിച്ചു

ഇക്കൊല്ലം ചാരിറ്റി ഡിന്നറിലൂടെ സമാഹരിക്കുന്ന തുക ഫാ. ജോസ് കണ്ടത്തിക്കുടിയുടെ മാതൃരൂപതയായ മാനന്തവാടി രൂപതയുടെ കീഴിലുള്ള സെയിന്റ് ജോസഫ് ഹോസ്പിറ്റലിൽ ബ്ലഡ് സ്റ്റോറേജ് ഫെസിലിറ്റി തുടങ്ങുന്നതിന് ഉപയോഗിക്കും. സെയിന്റ് ജോസഫ് ഹോസ്പിറ്റലിന്റെ മുൻ ഡയറക്ടർ കൂടിയാണ് ഫാ. ജോസ് കണ്ടത്തിക്കുടി. ജോസച്ചൻ സേവനം ചെയ്ത അതേ ഹോസ്പിറ്റലിൽ തന്നെ ആദ്യ പ്രോജക്ട് ചെയ്യാൻ സാധിക്കുന്നതിൽ വലിയ സന്തോഷവും അഭിമാനവുമുണ്ടെന്ന് ഫൗണ്ടേഷൻ ഭാരവാഹികൾ അറിയിച്ചു. കൂടാതെ മറ്റു പ്രോജക്ടുകളും ആലോചനയിലുണ്ട്.

അമേരിക്കയിലെ വിവിധ സ്ഥലങ്ങളിൽ നിന്നും ജോസച്ചനെ സ്നേഹിക്കുന്ന നിരവധി ആളുകൾ ചടങ്ങിൽ പങ്കെടുത്തു. കുട്ടികൾ അവതരിപ്പിച്ച കലാപരിപാടികൾ ചടങ്ങിനു മോടികൂട്ടി.

പരിപാടികൾക്ക് ഡയറക്ടർ ബോർഡ് അംഗങ്ങളായ ഷോളി കുമ്പിളുവേലി (ചെയർമാൻ), ബിജു കാപ്പുകാട്ട് (സെക്രട്ടറി), ജോസഫ് കാഞ്ഞമല സിപിഎ (ട്രഷറർ), ടോം പെരുമ്പായിൽ, ബാബു ജോസഫ് സിപിഎ, ജേക്കബ് ചൂരവടി, പൈലപ്പൻ കണ്ണൂക്കാടൻ, ടോം വി. തോമസ്, ലാലി കളപ്പുരയ്ക്കൽ, ഷേർലി അടാട്ട്, ജോൺ വാളിപ്ലാക്കൽ എന്നിവർ നേതൃത്വം നല്കി.

ഫാ. ജോസ് കണ്ടത്തിക്കുടിയുടെ ധന്യമായ ഓർമ്മയും പൈതൃകവും വരുംതലമുറയ്ക്ക് പ്രചോദനമാകും വിധം നിലനിർത്തുന്നതിനുവേണ്ടി രൂപീകരിച്ച ഫാ. ജോസ് കണ്ടത്തിക്കുടി ഫൗണ്ടേഷൻ ദൈവവിളികൾ പ്രോത്സാഹിപ്പിക്കുക, വൈദികവിദ്യാർത്ഥികളെ സഹായിക്കുക, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പഠനസഹായം എത്തിക്കുക, അതുപോലെതന്നെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികൾക്ക് പ്രത്യേകിച്ച് വൃക്കരോഗികൾക്ക് ചികിത്സാ സഹായം നല്കുക തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നു. നോൺ പ്രോഫിറ്റ് ഓർഗനൈസേഷനായി ഡിപ്പാർട്ടുമെന്റ് ഓഫ് സ്റ്റേറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഫാ. ജോസ് കണ്ടത്തിക്കുടി ഫൗണ്ടേഷന് 501 (സി) (3) സ്റ്റാറ്റസും ലഭിച്ചിട്ടുണ്ട്. ഫൗണ്ടേഷന്റെ ഔപചാരികമായ ഉദ്ഘാടനം ജോസച്ചന്റെ ഒന്നാം ചരമവാർഷികാചരണത്തിൽ വെച്ച് ബിഷപ് മാർ ജോയി ആലപ്പാട്ടാണ് നിർവഹിച്ചത്.

ഫൗണ്ടേഷനെപ്പറ്റി കൂടുതൽ അറിയുവാനും സഹകരിക്കുവാനും താല്പര്യമുള്ളവർ ഡയറക്ടർ ബോർഡ് അംഗങ്ങളുമായി ബന്ധപ്പെടുക. 914 330 6340. fjkfoundation@gmail.com























